**മധുരമായ കുട്ടികളെ– മംഗളകാരിയായ അച്ഛൻ ഇപ്പോൾ നിങ്ങളുടെ ഇങ്ങനെയുള്ള മംഗളം ചെയ്യുകയാണ് ഇതിലൂടെ നിങ്ങൾക്ക് ഒരിയ്ക്കലും കരയേണ്ടിവരില്ല. കരയുന്നത് അമംഗളത്തിന്റെ അഥവാ ദേഹാഭിമാനത്തിന്റെ ലക്ഷണമാണ്.**

**ചോദ്യം–** ഏതൊരു സുനിശ്ചിതമായ ഭാവിയെ അറിഞ്ഞുകൊണ്ടാണ് നിങ്ങൾക്ക് സദാ നിശ്ചിന്തമായിരിക്കേണ്ടത്?

**ഉത്തരം–** നിങ്ങൾക്ക് അറിയാം ഈ പഴയ ലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകും. അവർ സമാധാനം സ്ഥാപിക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നുണ്ട് പക്ഷെ നരൻ ആഗ്രഹിക്കുന്നത് ഒന്ന്, വിധി മറ്റൊന്ന്........എത്ര തന്നെ പ്രയ്തനിച്ചാലും ഈ ഭാവിയെ മാറ്റാൻ പറ്റില്ല. പ്രകൃതിക്ഷോഭങ്ങളും ഉണ്ടാവണം. നിങ്ങൾക്ക് ലഹരിയുണ്ട് നമ്മൾ ഈശ്വരീയ മടിത്തട്ടിലാണ്, എന്തെല്ലാം സാക്ഷാത്ക്കാരങ്ങൾ കണ്ടോ അതെല്ലാം പ്രാക്ടിക്കലായി സംഭവിക്കും അതിനാലാണ് നിങ്ങൾ സദാ നിശ്ചിന്തമായിരിക്കുന്നത്.

**ഓംശാന്തി**. വിശ്വത്തിൽ മനുഷ്യരുടെ ബുദ്ധിയിലെല്ലാം ഭക്തിമാർഗ്ഗത്തിലെ പാട്ടുകളാണ് എന്തെന്നാൽ ഇപ്പോൾ ഭക്തിമാർഗ്ഗം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയാണെങ്കിൽ ഭക്തിയിലെ പാട്ടുകളില്ല. ഇവിടെ അച്ഛന്റെ പാട്ടാണുള്ളത്. ഏത് അച്ഛനിൽ നിന്നാണോ ഇത്രയും വലിയ സമ്പത്ത് ലഭിക്കുന്നത് ആ അച്ഛന്റെ മഹിമ പാടേണ്ടതുണ്ട്. ഭക്തിയിൽ സുഖം ഇല്ലായിരുന്നു. ഭക്തിയിലാണെങ്കിലും സ്വർഗ്ഗത്തെയല്ലേ ഓർമ്മിക്കുന്നത്. മനുഷ്യൻ മരിക്കുകയാണെങ്കിൽ സ്വർഗ്ഗവാസിയായി എന്നു പറയും. എങ്കിൽ സന്തോഷിക്കുകയല്ലേ വേണ്ടത്. സ്വർഗ്ഗത്തിൽ ജന്മമെടുക്കുകയാണെങ്കിൽ പിന്നെ കരയേണ്ട ആവശ്യമേയില്ല. യഥാർത്ഥത്തിൽ സ്വർഗ്ഗവാസിയായി എന്നത് സത്യമല്ല അതിനാലാണ് കരയുന്നത്. ഇപ്പോൾ ഇങ്ങനെ കരഞ്ഞുകൊണ്ടിരിക്കുന്നവരുടെ മംഗളം എങ്ങനെ ചെയ്യും? കരയുക എന്നത് ദുഃഖത്തിന്റെ അടയാളമാണ്. മനുഷ്യർ കരയാറുണ്ടല്ലോ അല്ലേ. കുട്ടി ജനിക്കുമ്പോഴും കരയുന്നു എന്തുകൊണ്ടെന്നാൽ ദുഃഖമുണ്ടാകുന്നു. ദുഃഖം ഉണ്ടാകുന്നില്ലെങ്കിൽ തീർച്ചയായും ഹർഷിതമായിരിക്കും. എന്തെങ്കിലും അമംഗളം സംഭവിക്കുമ്പോഴാണ് കരച്ചിൽ വരുന്നത്. സത്യയുഗത്തിൽ ഒരിയ്ക്കലും ഒരു അമംഗളവും നടക്കില്ല അതിനാൽ അവിടെ ഒരിയ്ക്കലും കരയില്ല. അമംഗളത്തിന്റെ കാര്യമേയുണ്ടാകില്ല. ഇവിടെ എപ്പോഴെങ്കിലും കച്ചവടത്തിൽ നഷ്ടമുണ്ടായാൽ അല്ലെങ്കിൽ ഭക്ഷണം ലഭിച്ചില്ലെങ്കിൽ ദുഃഖമുണ്ടാകുന്നു. ദുഃഖമുണ്ടാകുമ്പോൾ കരയുന്നു, ഭഗവാനെ ഓർമ്മിക്കുന്നു വന്ന് എല്ലാവരുടേയും മംഗളം ചെയ്യു എന്ന് പറഞ്ഞ് വിളിക്കുന്നു. അഥവാ സർവ്വവ്യാപിയാണെങ്കിൽ പിന്നെ ആരെ വിളിച്ചാണ് പറയുന്നത് മംഗളം ചെയ്യൂ എന്ന്. പരമപിതാ പരമാത്മാവിനെ സർവ്വവ്യാപി എന്നു പറയുന്നത് ഏറ്റവും വലിയ തെറ്റാണ്. അച്ഛനാണ് എല്ലാവരുടേയും കല്ല്യാണകാരി, ഒരേ ഒരു കല്ല്യാണകാരിയേയുള്ളു അതിനാൽ തീർച്ചയായും എല്ലാവരുടേയും മംഗളം ചെയ്യും. നിങ്ങൾ കുട്ടികൾക്ക് അറിയാം പരമപിതാ പരമാത്മാവ് സദാ മംഗളമാണ് ചെയ്യുക. ആ പരമപിതാ പരമാത്മാവ് വിശ്വത്തിന്റെ മംഗളം ചെയ്യാൻ എപ്പോഴാണ് വന്നത്? വിശ്വത്തിന്റെ മംഗളം ചെയ്യാൻ മറ്റാർക്കും സാധിക്കില്ല. അച്ഛനെ പിന്നീട് സർവ്വവ്യാപി എന്നു പറയുന്നു. എത്ര വലിയ തെറ്റാണ്. ഇപ്പോൾ അച്ഛൻ തന്റെ പരിചയം നൽകിക്കൊണ്ട് പറയുന്നു മന്മനാഭവ, ഇതിൽ തന്നെയാണ് മംഗളമുള്ളത്. സത്യത്രേതായുഗങ്ങളിൽ ഒരു സാഹചര്യത്തിലും അമംഗളം ഉണ്ടാവില്ല. ത്രേതായുഗത്തിലും രാമരാജ്യമായതിനാൽ സിംഹവും ആടും ഒരുമിച്ച് വെള്ളം കുടിക്കുമായിരുന്നു. രാമ സീതയുടെ രാജ്യത്തെ നമ്മൾ അത്രത്തോളം സ്തുതിയ്ക്കില്ല എന്തുകൊണ്ടെന്നാൽ രണ്ട് കല കുറവായതിനാൽ സുഖത്തിന്റെ അളവിലും കുറവുവരുന്നു. നമ്മൾക്ക് ഇഷ്ടം അച്ഛൻ സ്ഥാപിക്കുന്ന സ്വർഗ്ഗമാണ്. അതിലും മുഴുവൻ സമ്പത്തും നേടുകയാണെങ്കിൽ വളരെ നല്ലതാണ്. ഉയർന്നതിലും ഉയർന്ന അച്ഛനിൽ നിന്നും സമ്പത്ത് എടുത്ത് നമ്മൾ മംഗളം ചെയ്യണം. സർവ്വർക്കും തന്റെ മംഗളം ശ്രീമത്തിലൂടെ ചെയ്യണം.

അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഒന്ന് ആസുരീയ സമ്പ്രദായം, രണ്ടാമത് ദൈവീക സമ്പ്രദായം. ഇപ്പോൾ ഒരു ഭാഗത്ത് രാവണരാജ്യമാണ്, മറുഭാഗത്ത് ഞാൻ ദൈവീക സമ്പ്രദായം സ്ഥാപന ചെയ്യുകയാണ്. ഇപ്പോൾ ദൈവീക സമ്പ്രദായമാണ് എന്നല്ല. ആസുരീയ സമ്പ്രദായത്തെ ഞാൻ ദൈവീകമാക്കി മാറ്റുന്നു. ദൈവീക സമ്പ്രദായം സത്യയുഗത്തിലാണുണ്ടാവുക എന്ന് പറയാറുണ്ട്. അച്ഛൻ പറയുന്നു ഈ ആസുരീയ സമ്പ്രദായത്തെ ഭാവിയിലേയ്ക്ക് ദൈവീക സമ്പ്രദായമാക്കി മാറ്റുകയാണ്. ഇപ്പോഴുള്ളത് ബ്രാഹ്മണ സമ്പ്രദായമാണ്, ദൈവീക സമ്പ്രദായം ഉണ്ടാവുകയാണ്. ഗുരുനാനാക്കും പറഞ്ഞിട്ടുണ്ട് മനുഷ്യനിൽ നിന്നും ദേവത.......... പക്ഷേ എങ്ങനെയുള്ള മനുഷ്യരാണ് ആരെയാണ് ദേവതയാക്കി മാറ്റുന്നത്? അവർക്ക് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുകയില്ല. സൃഷ്ടിയുടെ ആദിയിൽ ഉണ്ടായിരുന്ന ശ്രേഷ്ഠാചാ

രികളായ ലക്ഷ്മീ നാരായണനും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുകയില്ല. ത്രികാലദർശിക ളായിരുന്നില്ല. മുമ്പത്തെ ജന്മത്തിൽ ത്രികാലദർശിയായിരുന്നു, സ്വദർശനചക്രധാരിയായിരുന്നു അതിനാ ലാണീ രാജ്യം നേടിയത്. അവർ പിന്നീട് വിഷ്ണുവിന് സ്വദർശന ചക്രം നൽകി. സ്വദർശന ചക്രധാരി ബ്രാഹ്മണരാണ് എന്നു മനസ്സിലാക്കിക്കൊടുത്താൽ മനുഷ്യർ അത്ഭുതപ്പെടും. കാരണം അവർ വിഷ്ണു വിന്റെ കൈയ്യിലും കാണിക്കുന്നു, കൃഷ്ണന്റെ കൈയ്യിലും കാണിക്കുന്നു. വിഷ്ണുവിന്റെ രണ്ട് രൂപങ്ങ ളാണ് ലക്ഷ്മീ നാരായണൻ എന്നും അറിയുന്നില്ല. നമുക്കും അറിയില്ലായിരുന്നു. മനുഷ്യർ ഏതു കാര്യമാ യാലും പറയും എല്ലാം വിധിയാണ്. എന്താണോ സംഭവിക്കാനുള്ളത് അതിനെ ആർക്കും മാറ്റാൻ കഴിയി ല്ല. ഇത് ഡ്രാമയാണ്. അതുകൊണ്ട് ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകണോ അതോ ഡ്രാമയുടെ രഹ സ്യത്തെ മനസ്സിലാക്കിക്കൊടുക്കണോ? എന്തായാലും എപ്പോഴും അച്ഛന്റെ ഓർമ്മ ഉണ്ടായിരിക്കണം, ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകണം. പരിധിയില്ലാത്ത അച്ഛൻ ശിവബാബ വളരെ പ്രശസ്തനാണ്. രുദ്രബാബ എന്നല്ല പറയുന്നത്. ശിവബാബ പ്രശസ്തനാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് എവിടെ യെല്ലാം ഭക്തരുണ്ടോ അവിടെയെല്ലാം ചെന്ന് മനസ്സിലാക്കിക്കൊടുക്കൂ. ആളുകൾ പറയും പത്രത്തിൽ വായിച്ചിരുന്നു ഹിമാലയത്തിന് കോടിക്കണത്തിന് വർഷം പ്രായമുണ്ട്. ഹിമാലയത്തിന് പ്രായമുണ്ടോ? അത് സദാ ഇവിടെത്തന്നെയല്ലേ. ഹിമാലയം എപ്പോഴെങ്കിലും കാണാതാകുമോ? എപ്പോഴാണ് ഉണ്ടായത് എന്ന് അതിന്റെ പ്രായമളക്കാൻ സാധിക്കില്ല. അതിനാൽ ഹിമാലയം എപ്പോൾ മുതലുണ്ട് എന്ന് പറയാൻ സാധിക്കില്ല. ഈ ഹിമാലയ പർവ്വതത്തിന്റെ ആയുസ്സ് എണ്ണാൻ പറ്റില്ല. ആകാശത്തിന്റെ അല്ലെങ്കിൽ സമു ദ്രത്തിന്റെ പ്രായം ഇതാണ് എന്ന് പറയാൻ പറ്റുമോ. ഹിമാലയത്തിന്റെ പ്രായം പറയുകയാണെങ്കിൽ സമു ദ്രത്തിന്റേതും പറയാമല്ലോ പക്ഷേ ഒന്നും അറിയുന്നില്ല. ഇവിടെ നിങ്ങൾക്ക് അച്ഛനിൽ നിന്നും സമ്പത്ത് എടുക്കണം. ഇത് ഈശ്വരീയ കുടുംബമാണ്.

നിങ്ങൾക്ക് അറിയാം അച്ഛന്റേതായി മാറുന്നതിലൂടെ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറാം. ഒരു ജനക രാജാവിന്റെ കാര്യമല്ല. ജീവന്മുക്തിയിൽ അഥവാ രാമരാജ്യത്തിൽ അനേകം പേരുണ്ടാകില്ലേ. എല്ലാവർക്കും ജീവന്മുക്തി ലഭിച്ചിട്ടുണ്ടാകണം. നിങ്ങൾ സെക്കന്റിൽ മുക്തിയും ജിവന്മുക്തിയും നേടുന്നതിനുള്ള പുരു ഷാർത്ഥികളാണ്. കുട്ടിയായി മാറി, മമ്മാ-ബാബാ എന്നു വിളിക്കുന്നു. ജിവന്മുക്തി എന്തായാലും ലഭിക്കു മല്ലോ. മനസ്സിലാക്കാൻകഴിയും അനേകം പ്രജകൾ ഉണ്ടാകുന്നുണ്ട്. ദിനംപ്രതി ദിനം പ്രഭാവം ഉണ്ടാകണമ ല്ലോ. ഈ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുക വളരെ പ്രയാസമാണ്. ധർമ്മസ്ഥാപകരാണെങ്കിൽ മുകളിൽ നിന്നും വന്ന് സ്ഥാപന ചെയ്യുന്നു, അവരുടെ പിന്നാലെ മുകളിൽ നിന്നും ആത്മാക്കൾ വന്നുകൊണ്ടിരി ക്കുന്നു. ഇവിടെയാണെങ്കിൽ ഓരോരുത്തരേയും രാജ്യഭാഗ്യം നേടാൻ യോഗ്യരാക്കി മാറ്റേണ്ടിവരുന്നു. യോഗ്യരാക്കി മാറ്റേണ്ടത് അച്ഛന്റെ ജോലിയാണ്. ആരാണോ മുക്തി- ജീവന്മുക്തിയ്ക്ക് യോഗ്യരായിരു ന്നത് അവരെയെല്ലാം മായ അയോഗ്യരാക്കി മാറ്റി. 5 തത്വങ്ങൾ പോലും അയോഗ്യമായിരിക്കുന്നു, വീണ്ടും യോഗ്യമാക്കി മാറ്റുന്നയാൾ അച്ഛനാണ്. ഇപ്പോൾ ഓരോ നിമിഷവും നിങ്ങളുടെ പുരുഷാർത്ഥം നടക്കു ന്നു, മനസ്സിലാക്കുന്നു കല്പം മുമ്പും ഇന്നയാൾ ഇങ്ങനെതന്നെയാണ് പുരുഷാർത്ഥം ചെയ്തത്. ചിലർ ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഓടിപ്പോകും, ഉപേക്ഷിച്ചുപോകുന്നു. പ്രാക്ടിക്കലിൽ കണ്ടുകൊണ്ടിരിക്കുന്നു. വിനാശം മുന്നിൽ നിൽക്കുകയാണ്, ഡ്രാമ അനുസരിച്ച് എല്ലാവർക്കും അഭിനയിക്കാൻ വരണം എന്നും അറിയുന്നുണ്ട്. നരൻ ആഗ്രഹിക്കുന്നത് ഒന്ന് എന്നാൽ................ ലോകർ ആഗ്രഹിക്കുന്നത് ശാന്തിയുണ്ടാ കണം എന്നാണ് എന്നാൽ വരാൻ പോകുന്ന ഭാവി നിങ്ങൾ കുട്ടികൾക്ക് അറിയാം. നിങ്ങൾ കുട്ടികൾ സാക്ഷാത്ക്കാരം ചെയ്തിട്ടുണ്ട്, അവർ വിനാശമുണ്ടാകാതിരിക്കാൻ എത്രതന്നെ തലയിട്ടുടച്ചാലും ഭാവിയെ മാറ്റാൻ കഴിയില്ല. ഭൂകമ്പവും പ്രകൃതിക്ഷോഭങ്ങളുമുണ്ടാകും, അവർക്ക് എന്ത് ചെയ്യാൻ സാധിക്കും. അവർ പറയും ഇത് ഈശ്വരന്റെ കർത്തവ്യമാണ്. വളരെയധികം ലഹരി കയറി ഓർമ്മയിൽ ഇരിക്കുന്നത് നിങ്ങ ളിലും കുറച്ചുപേർ മാത്രമാണ്. എല്ലാവരും പരിപൂർണ്ണരാവില്ല. നിങ്ങൾക്ക് അറിയാം ഈ ഭാവി മാറ്റാൻ പറ്റാത്തതാണ്. ഭക്ഷണമില്ല, മനുഷ്യർക്ക് വസിക്കാൻ ഭൂമിയില്ല, 3 അടി മണ്ണുപോലും ലഭിക്കുന്നില്ല.

ഇത് നിങ്ങളുടെ ഈശ്വരീയ പരിവാരമാണ്- മാതാവും പിതാവും കുട്ടികളുമുണ്ട്. അച്ഛൻ പറയുന്നു ഞാൻ കുട്ടികൾക്കു മുന്നിലാണ് പ്രത്യക്ഷമാകുന്നത്. കുട്ടികളെ പഠിപ്പിക്കുന്നു. കുട്ടികളും പറയുന്നു- ഞങ്ങൾ അച്ഛന്റെ മതപ്രകാരമാണ് നടക്കുന്നത്. അച്ഛനും പറയുന്നു ഞാൻ കുട്ടികളുടെ സന്മുഖത്ത് വന്നേ ശ്രീമതം നൽകൂ. കുട്ടികളേ മനസ്സിലാക്കൂ. അഥവാ മനസ്സിലാക്കുന്നില്ലെങ്കിൽ വിട്ടേയ്ക്കൂ, വഴക്കിടേണ്ട ആവശ്യമി ല്ല. നമ്മൾ അച്ഛന്റെ പരിചയമാണ് നൽകുന്നത്. അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും പിന്നീട് സ്വദർശനചക്രം കറക്കുകയാണെങ്കിൽ ചക്രവർത്തീ രാജാവായി മാറും. മന്മനാഭവ -മധ്യാജീ ഭവ എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. രചയിതാവിന്റേയും രചനയുടേയും രഹസ്യം മനസ്സിലാകാനായി അച്ഛന്റെ പരിചയം എല്ലാവർക്കും നൽകണം. മുഖ്യമായത് ഈ ഒരു കാര്യമാണ്, ഗീത

യിലുള്ള മുഖ്യമായ തെറ്റും ഇതുതന്നെയാണ്. അച്ഛൻ പറയുന്നു മംഗളകാരിയായ എനിക്കുതന്നെ വന്ന് മംഗളം ചെയ്യണം. ബാക്കി ശാസ്ത്രങ്ങളിലൂടെ മംഗളം ഉണ്ടാവുകയില്ല. ആദ്യം സിദ്ധമാക്കണം ഭഗവാൻ ഒന്നേയുള്ളു അവരെയാണ് നിങ്ങൾ ഓർമ്മിക്കുന്നത് എന്നാൽ യതാർത്ഥ രീതിയിൽ അറിയുന്നില്ല. അച്ഛനെ ഓർമ്മിക്കണമെങ്കിൽ പരിചയം വേണമല്ലോ. അച്ഛൻ എവിടെയാണ് വസിക്കുന്നത്, വരുന്നുണ്ടോ അതോ ഇല്ലേ? അച്ഛൻ സമ്പത്ത് തീർച്ചയായും ഇവിടേയ്ക്കുവേണ്ടിയാണോ തരുക അതോ അവിടേയ്ക്കുവേണ്ടി യോ. അച്ഛൻ സന്മുഖത്ത് വേണം. ശിവരാത്രിയും ആഘോഷിക്കുന്നുണ്ട്. ശിവൻ സർവ്വാത്മാക്കളുടേയും സുപ്രീം ഫാദറാണ്. അച്ഛൻ രചിക്കുകയാണ്, പുതിയജ്ഞാനം നൽകുകയാണ്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ ബാബയ്ക്ക് അറിയാം. ബാബയാണ് ഉയർന്നതിലും ഉയർന്ന ടീച്ചർ, ബാബ രാജയോഗം പഠി പ്പിച്ച് മനുഷ്യനെ ദേവതയാക്കി മാറ്റുന്നു. മനുഷ്യന് ഒരിയ്ക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. നമുക്കും ബാബയാണ് പഠിപ്പിച്ചുതന്നത് അതിനാലാണ് നമ്മൾ പഠിപ്പിക്കുന്നത്. ഗീതയിൽ ആരംഭത്തിലും അവസാനിപ്പിക്കുമ്പോഴും മന്മനാഭവ എന്നും മധ്യാജീ ഭവ എന്നും പറഞ്ഞിട്ടുണ്ട്. വൃക്ഷത്തിന്റേയും ഡ്രാമ യുടേയും രഹസ്യവും ബുദ്ധിയിൽ ഉണ്ടാവണം. വിശദമായി മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. റിസൾട്ടായി വീണ്ടും ഒരു കാര്യം തന്നെയാണ് വരുക– അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കു. ഇവിടെ ഒരു കാര്യ മേയുള്ളു– നമ്മൾ വിശ്വത്തിന്റെ അധികാരികളായി മാറും. വിശ്വത്തിന്റെ മംഗളകാരിതന്നെയാണ് വിശ്വ ത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുക അല്ലാതെ നരക ത്തിന്റെ അധികാരിയല്ല. നരകത്തിന്റെ രചയിതാവ് രാവണനും സ്വർഗ്ഗത്തിന്റെ രചയിതാവ് അച്ഛനുമാ ണെന്ന കാര്യം ലോകത്തിന് അറിയില്ല. ഇപ്പോൾ അച്ഛൻ പറയുന്നു മരണം മുന്നിൽ നിൽക്കുകയാണ്, എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്, ഞാൻ കൊണ്ടുപോകാൻ വന്നതാണ്. എന്നെ ഓർമ്മിക്കു കയാണെങ്കിൽ വികർമ്മം വിനാശമാകും. ആത്മാവ് അഴുക്കിൽ നിന്നും ശുദ്ധമായി മാറും. പിന്നീട് നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കും. ഇത് നിശ്ചയബുദ്ധിയോടെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം, അല്ലാതെ തത്തയെപ്പോലെയല്ല. നിശ്ചയബുദ്ധികൾക്ക് പിന്നെ കരയുക അല്ലെങ്കിൽ ദേഹാഭിമാനത്തിൽ വരുക എന്ന കാര്യമേയില്ല. ദേഹാഭിമാനം വളരെ അഴുക്കുള്ളതാക്കി മാറ്റും. ഇപ്പോൾ നിങ്ങൾ ദേഹീഅ ഭിമാനിയായി മാറു. ശരീര നിർവ്വഹണാർത്ഥം കർമ്മം ചെയ്യു. അവരാണെങ്കിൽ കർമ്മസന്യാസിയാവുക യാണ് ചെയ്യാറ്. ഇവിടെ നിങ്ങൾക്ക് ഗൃഹസ്ഥവ്യവഹാരത്തിൽ തന്നെയിരിക്കണം, കുട്ടികളെ സംരക്ഷിക്ക ണം. അച്ഛനേയും ചക്രത്തേയും മനസ്സിലാക്കുക വളരെ സഹജമാണ്.

അച്ഛന് എത്ര കുട്ടികളാണ്. പിന്നീട് അതിൽ ചിലർ സൽപുത്രരാണ്, ചിലർ കുപുത്രരും. പേര് മോശമാക്കു ന്നു. മുഖം കറുപ്പിക്കുന്നു. അച്ഛൻ പറയുന്നു മുഖം കറുപ്പിക്കരുത്. കുട്ടിയായി മാറിയിട്ട് പിന്നീട് മുഖം കറുപ്പിക്കുന്നു, കുലത്തെ കളങ്കപ്പെടുത്തുന്നു. ഈ കാമചിതയിലൂടെയാണ് നിങ്ങൾ കറുത്തുപോയത്. കാമ ചിതയിൽ ഇരുന്ന് കത്തിമരിക്കരുത്. ഇതിൽ ചെറുതായിട്ടുള്ള ലഹരിപോലും പാടില്ല. സന്യാസിമാർ തന്റെ ഫോളോവേഴ്സിനോട് ഇങ്ങനെ പറയുമോ. അവർ യഥാർത്ഥത്തിലല്ല. അച്ഛനാണെങ്കിൽ കുട്ടികൾക്ക് സത്യമായിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കു. നിങ്ങൾ ഗ്യാരന്റി നൽകിയിട്ടുണ്ട്– ബാബാ ഞങ്ങൾ അങ്ങയുടെ മതത്തിലൂടെ നടന്ന് സ്വർഗ്ഗവാസിയായി മാറും. അച്ഛൻ പറ യുന്നു കുട്ടികളേ പിന്നെയും വിഷത്തിന്റെ ചാലിൽ വീഴണമെന്ന് എന്തിനാണ് ചിന്തിക്കുന്നത്? നിങ്ങൾ കുട്ടികൾ ഇങ്ങനെ മുരളി വായിച്ചുകൊടുത്താൽ പറയും ഇങ്ങനെയൊരു ജ്ഞാനം ഞങ്ങൾ ഇതുവരെ കേട്ടിട്ടില്ല. ക്ഷേത്രങ്ങളുടെ തലവനെ പോയിക്കാണണം. ചിത്രങ്ങൾ കൊണ്ടുപോകണം. ഈ ത്രിമൂർത്തി കളുടെ വൃക്ഷം ദിൽവാഡാ ക്ഷേത്രത്തിലേതുതന്നെയാണ്. മുകളിൽ ദൈവീക വൃക്ഷം നിൽക്കുന്നുണ്ട്, ബാക്കി കഴിഞ്ഞുപോയ ദൈവീക വൃക്ഷവും കാണിക്കുന്നുണ്ട്. ഇങ്ങനെയുള്ള സേവനം ആരെങ്കിലും ചെയ്തുകാണിക്കണം അപ്പോൾ ബാബ പറയും, ഇവർ അത്ഭുതം കാണിച്ചു. എങ്ങനെ ബാബ രമേഷിന്റെ മഹിമ ചെയ്യുന്നുവോ അതുപോലെ. പ്രദർശിനിയിൽ തീവ്രഗതിയിലുള്ള സേവനത്തിന്റെ ഉദാഹരണം വളരെ നന്നായി കാണിച്ചിട്ടുണ്ട്. ഇവിടെയും പ്രദർശിനികൾ ചെയ്യും. ചിത്രങ്ങൾ വളരെ നല്ലതാണ്.

നോക്കൂ ഇപ്പോൾ ഡെൽഹിയിൽ നടക്കുന്ന ധാർമ്മിക സഭകളിൽ അവരും പറയുന്നത് ഒന്നാകുന്നതിനെ ക്കുറിച്ചാണ്. പക്ഷേ അതിൽ അർത്ഥമേയില്ല. അച്ഛൻ ഒന്നേയുള്ളു ബാക്കി എല്ലാവരും സഹോദരീ സഹോ ദരന്മാരാണ്. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുക എന്ന കാര്യമുണ്ട്. പരസ്പരം ഒരുമിച്ച് പാൽക്കട ലായി എങ്ങനെ മാറും, ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. പ്രദർശിനികൾക്ക് വൃദ്ധിയുണ്ടാക്കാൻ യുക്തി കൾ രചിക്കണം. ആരാണോ സേവനത്തിന്റെ തെളിവ് നൽകാത്തത് അവർക്ക് ലജ്ജയുണ്ടാവണം. അഥവാ 10 പേര് വരുകയും 8–10 പേർ മരിക്കുകയും ചെയ്താൽ ഇതിൽ ലാഭമെന്തുണ്ടായി. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. ശരീര നിർവ്വഹണാർത്ഥം കർമ്മം ചെയ്തുകൊണ്ടും ദേഹീ– അഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. ഏതൊരു പരിതസ്ഥിതിയിലും കരയുകയോ ദേഹാഭിമാനത്തിൽ വരുകയോ ചെയ്യരുത്.

2. ശ്രീമത്തനുസരിച്ച് തന്റേയും മറ്റുള്ളവരുടേയും മംഗളം ചെയ്യണം. സൽപുത്രരായി മാറി അച്ഛന്റെ പേരിനെ പ്രശസ്തമാക്കണം.

## വരദാനം:– വ്യർത്ഥ സങ്കൽപങ്ങളെ സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടുത്തി സഹജയോഗിയായി മാറുന്ന സമർത്ഥാത്മാവായി ഭവിക്കട്ടെ.

പല കുട്ടികളും ഇങ്ങനെ ചിന്തിക്കുന്നു അതായത് എന്റെ പാർട്ട് അത്രക്ക് കാണപ്പെടുന്നില്ല, യോഗം കിട്ടുന്നേയില്ല, അശരീരിയാകുന്നില്ല– ഇതൊക്കെ വ്യർത്ഥ സങ്കൽപ്പങ്ങളാണ്. ഈ സങ്കൽപ്പങ്ങളെ പരിവർത്തനം ചെയ്ത് സമർത്ഥ സങ്കൽപ്പങ്ങൾ സൃഷ്ടിക്കൂ, അതായത് ഓർമ്മിക്കുക എന്നത് എന്റെ സ്വധർമ്മമാണ്. ഞാൻ തന്നെയാണ് കല്പ–കല്പത്തെ സഹജയോഗി. ഞാൻ യോഗിയാകുന്നില്ലെങ്കിൽ പിന്നെ ആരാണ് ആകുക. ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത് അതായത് എന്റെ ശരീരമാണെങ്കിൽ അനക്കാൻ കഴിയുന്നില്ല, ഈ പഴയ ശരീരം ഒന്നിനും കൊള്ളില്ല. പാടില്ല. ആഹാ–ആഹാ സങ്കൽപം ചെയ്യൂ, ഈ അന്തിമ ശരീരത്തിന്റെ അത്ഭുതങ്ങൾ പ്രകീർത്തിക്കൂ, എങ്കിൽ ശക്തി വന്നുചേരും.

## സ്ലോഗൻ:– ശുഭഭാവനകളുടെ ശക്തി മറ്റുള്ളവരുടെ വ്യർത്ഥ ഭാവനകളെപ്പോലും പരിവർത്തനപ്പെടുത്തും.